**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - ഇരിട്ടി നഗരസഭയിൽ സീനിയർ ക്ലർക്കായ ശ്രീമതി.സുരജ. എസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സമർപ്പിച്ച ഒ.എ 1680/2018 നമ്പർ കേസിൽ 06.09.2018 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.3212/2018/തസ്വഭവ  തീയതി, തിരുവനന്തപുരം, 20.12.2018

---

പരാമർശം : 1. ഇരിട്ടി നഗരസഭയിൽ സീനിയർ ക്ലർക്കായ ശ്രീമതി.സുരജ. എസ് സർക്കാരിൽ സമർപ്പിച്ച 07.08.2018 തീയതിയിലെ നിവേദനം( Annexure A7).

2. ശ്രീമതി.സുരജ.എസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.നം.1680/2018 06.09.2018 തീയതിയിലുണ്ടായ വിധിന്യായം

3. നഗരകാര്യഡയറക്ടറുടെ 19.11.2018 തീയതിയിലെ ഇ 3-21279/2018 നം. കത്ത്.

## ഉത്തരവ്

ഇരിട്ടി നഗരസഭയിൽ സീനിയർ ക്ലർക്കായ ശ്രീമതി.സുരജ.എസ് സമർപ്പിച്ച പരാമർശം 1 അപേക്ഷ പ്രകാരം തനിക്ക് ജവാന്റെ ഭാര്യ എന്ന പരിഗണന നൽകി സ്ഥലംമാറ്റത്തിന് മുൻഗണന അനുവദിച്ച് തന്റെ ഓപ്ഷൻപ്രകാരമുള്ള കരുനാഗപ്പള്ളി, കായംകുളം,കൊല്ലം നഗരസഭകളിലേതെങ്കിലും സ്ഥലംമാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു.. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ശ്രീമതി.സുരജ.എസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.നം.1680/18 കേസിന്മേൽ 06.09.2018 ൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം അപേക്ഷക സർക്കാരിൽ സമർപ്പിച്ച അനക്ഷർ എ 7 അപേക്ഷ പരിശോധിച്ച് പരാതിക്കാരിയെ നേരിൽക്കേട്ട് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ്വ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. ട്രിബ്യൂണലിന്റെ ഉത്തരവിലെ നിർദ്ദേശ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ സെക്രട്ടറി ശ്രീമതി.സുരജ.എസ്-നെ 22/11/2018 തീയതിയിൽ നേരിൽ കേട്ടിരുന്നു. നേരിൽക്കേട്ട സമയത്തെ വാദങ്ങൾ പ്രകാരം വർക്കല നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 2018 മാർച്ച് 8 ൽ പ്രൊമോഷൻ ലഭിച്ച്

നിലവിൽ സീനിയർ ക്ളർക്ക് തസ്തികയിൽ കണ്ണൂർ ജില്ലയിലെ ഇരിട്ടി നഗരസഭയിൽ സേവനമനുഷ്ഠിച്ച് വരികയാണ് എന്നും ഇരിട്ടി നഗരസഭയിൽ സേവനത്തിൽ പ്രവേശിച്ചതിനുശേഷം സ്വന്തം ജില്ലയിലെ കൊല്ലം, കരുനാഗപ്പള്ളി, കായംകുളം എന്നീ നഗരസഭകളിലേതിലെങ്കിലും സ്ഥലംമാറ്റത്തിനായി ഡയറക്ടർക്ക് അപേക്ഷ നൽകിയിരുന്നതായും അറിയിച്ചിരുന്നു. എന്നാൽ ഭർത്താവ് സൈനിക സേവനത്തിലാണെന്ന സർട്ടിഫിക്കറ്റ് താൻ നൽകിയിരുന്നെങ്കിലും അത് പരിഗണിച്ച് സ്ഥലംമാറ്റത്തിൽ ലഭിക്കേണ്ട മുൻഗണന ലഭിച്ചില്ലായെന്നും, അതിനാൽ വിദ്യാർത്ഥികളായ മക്കളുടേയും ഭർത്താവിന്റെ മാതാപിതാക്കളുടേയും സംരക്ഷണചുമതല തന്നിലാണെന്നത് പരിഗണിച്ച് നിയമം അനുവദിക്കുന്ന ആനുകൂല്യം നൽകി കരുനാഗപ്പള്ളി, കൊല്ലം, കായംകുളം എന്നീ നഗരസഭകളിലേതിലെങ്കിലും സ്ഥലംമാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 3 ലെ റിപ്പോർട്ട് പ്രകാരം വർക്കല നഗരസഭയിൽ ക്ളർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി സുരജ എസ് നെ നഗരകാര്യ ഡയറക്ടറുടെ 05/03/2018 ലെ ഉത്തരവ് പ്രകാരം സീനിയർ ക്ളാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി ഇരിട്ടി നഗരസഭയിൽ നിയമിച്ചിരുന്നു. 2018-19 വർഷത്തേയ്ക്കുള്ള പൊതുസ്ഥലംമാറ്റത്തിനായി കരുനാഗപ്പള്ളി, കൊല്ലം, കായംകുളം എന്നീ നഗരസഭകൾ ഓപ്റ്റ് ചെയ്ത് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കൃൂ ലിസ്റ്റിൽ യഥാക്രമം 10, 33, 7 എന്നിങ്ങനെയായി ഉൾപ്പെട്ടിട്ടുള്ളതുമാണ്. 25/02/2017 ലെ സ.ഉ.(പി) നം. 3/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 11 പ്രകാരം മുൻഗണന പ്രകാരമുള്ള സ്ഥലംമാറ്റം അതത് കാറ്റഗറികളിലെ സ്ഥലംമാറ്റത്തിന്റെ 20 ശതമാനത്തിൽ അധികരിക്കാൻ പാടില്ല എന്നുള്ള നിലവിലെ വ്യവസ്ഥപ്രകാരമാണ് കൃൂ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഈ അന്തിമ കൃൂ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ സീനിയർ ക്ളാർക്ക് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ സ്ഥലംമാറ്റം മുഖേന നികത്തുന്നത്. കൃൂ ലിസ്റ്റ് പ്രകാരം കരുനാഗപ്പള്ളി നഗരസഭയിൽ ക്രമ നം. 2 വരെയും കൊല്ലം നഗരസഭയിൽ ക്രമ നം. 12 വരെയും കായംകുളം നഗരസഭയിൽ ക്രമ നം. 6 വരെയും ഉള്ള ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളതാണ് എന്ന് അറിയിച്ചിരുന്നു.

4. ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ, 2018-19 ലെ പൊതു സ്ഥലംമാറ്റത്തിനുള്ള അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള മാനദണ്ഡമായി നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നത് പ്രകാരം, നിലവിൽ സേവനമനുഷ്ഠിക്കുന്ന നഗരസഭകളിൽ ഒരു വർഷം പൂർത്തീകരിക്കാത്ത ജീവനക്കാരെ ഒഴിവാക്കിക്കൊണ്ട് പ്രസിദ്ധീകരിച്ചിരുന്ന കരട് കൃൂ ലിസ്റ്റിൻമേൽ ലഭ്യമായ ആക്ഷപങ്ങൾ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടും കൃൂ ലിസ്റ്റിൽ നിന്നും നിലവിൽ സേവനമനുഷ്ഠിക്കുന്ന നഗരസഭയിൽ ഒരു വർഷം പൂർത്തീകരിക്കാത്ത കാരണത്താൽ ഒഴിവാക്കപ്പെട്ട ജീവനക്കാരെ കരട് കൃൂ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ജീവനക്കാർക്ക് തൊട്ട് താഴെയായി അവരുടെ ഔട്ട് സ്റ്റേഷൻ(outstation) സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തിയാണ് കൃൂ ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണ്. ഈ

മാനദണ്ഡം എതിർക്കപ്പെട്ടിട്ടില്ല. സ്ഥലംമാറ്റം സംബന്ധിച്ചുള്ള മുൻഗണന ലഭിക്കുന്നതിന് ജവാന്റെ ആശ്രിതയ്ക്ക് അർഹതയുണ്ട്. എന്നാൽ മുൻഗണനപ്രകാരമുള്ള സ്ഥലംമാറ്റം അതത് കാറ്റഗറിയിലെ സ്ഥലംമാറ്റത്തിന്റെ 20 ശതമാനത്തിൽ അധികരിക്കാൻ പാടില്ല എന്ന വ്യവസ്ഥയും നിലവിലുണ്ട്. ശ്രീമതി സുരജ നിലവിൽ സേവനമനുഷ്ഠിച്ച് സ്ഥലത്ത് ഒരു വർഷം പൂർത്തിയാക്കിയില്ല എന്നാണ് ക്യൂ ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്.നിലവിലുള്ള സ്ഥലത്ത് ഒരു വർഷം പൂർത്തിയാക്കിയില്ല എന്ന പൊതുമാനദണ്ഡമാണ് കണക്കിലെടുത്തിരിക്കുന്നതെന്നതിനാൽ അത് മാറ്റി മുൻഗണന നൽകുന്നതിന് നിർദ്ദേശിക്കുന്നത് ഉചിതമല്ലായെന്ന് കാണുന്നു.

5. മേൽ സാഹചര്യത്തിൽ അടുത്ത സ്ഥലംമാറ്റം പരിഗണിക്കുന്ന അവസരത്തിൽ ശ്രീമതി സുരജയുടെ സ്ഥലംമാറ്റ അപേക്ഷ പ്രത്യേകം പരിഗണിച്ച് ചട്ടം അനുവദിക്കുന്ന പ്രകാരമുള്ള മുൻഗണന നൽകി ഉത്തരവ് പുറപ്പെടുവിക്കുവാൻ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീമതി.സുരജ. എസ് സമർപ്പിച്ച അനക്ഷ്വർ എ 7 അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 പ്രകാരമുള്ള നിർദ്ദേശം മേൽപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
എസ് മോഹൻദാസ്
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീമതി.സുരജ.എസ്, സീനിയർ ക്ലർക്ക്, ഇരിട്ടി നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ